ഉത്തരം

2014-15 സാമ്പത്തികവർഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം I ആയും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.*

ഊർജ്ജ മേഖലയിലെ കർമ്മപദ്ധതികൾ

22 (2223) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 63.6 MW ന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതിക.ൾ മത്സര ദർഘാസിലൂടെ IPP/CPP വിഭാഗങ്ങളിലായി BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ ആതിരപ്പിള്ളി പദ്ധതി (163 MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. മുഖേന വിവിധ ജലേതര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത നവീകരണോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക, ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതോർജ്ജം പരമാവധി ഉല്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക, നിയമപരമായ നവീകരണ ഊർജ്ജ ക്രയ ബാധ്യത (RPO) നിറവേറ്റുക തുടങ്ങിയവയാണ് സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നതുവഴി ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം, 24 മണിക്കൂറും വൈദ്യുതി, വൈദ്യുതി പ്രസരണ/ വിതരണ നഷ്ടം കുറയ്ക്കൽ എന്നീ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭാരത സർക്കാർ ആവിഷ്കരിച്ച പദ്ധതികളാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY) യും ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (IPDS) എന്നിവ. വിതരണ മേഖലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 4,59,000-ഓളം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2015-16-ലെ വാർഷിക പദ്ധതികൾ 65.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS), മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 11 കെ.വി. ലൈൻ നിർമ്മിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എൽ.റ്റി.ലൈൻ നിർമ്മാണം, റീ-കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾവഴി നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തികൾവഴി വിതരണ മേഖലയിലെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകി കൂടുതൽ വൈദ്യുതി കണക്ഷനുകൾ നൽകുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ലൈൻ കൺവേർഷൻ, റീ കണ്ടക്ടറിംഗ് പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ നടപടികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസരണ മേഖലയിൽ വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം നടത്തുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും

LIBRARY ARCHIVES Kerala Legislative Assembly

ശേഷി വർദ്ധിപ്പിക്കുകയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ചെയ്യുക, ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ നൂതന കണ്ടക്ടറുകൾ സ്ഥാപിക്കുക, തുടങ്ങിയ കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ പുറമെനിന്നും കൊണ്ടുവരുന്ന വൈദ്യുതി വിവിധ പ്രദേശങ്ങളിലെത്തിക്കുന്നതിനാവശ്യമായ പ്രസരണ ശൃംഖല നിർമ്മിക്കുക, പ്രധാനപ്പെട്ട സബ്സ്റ്റേഷനുകൾക്ക് ഒന്നിലധികം സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കി ഗ്രണമേന്മയുള്ള വൈദ്യുതി തടസ്സം കൂടാതെ ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്തുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾവഴി ഉപഭോക്താക്കൾക്ക് ഗ്രണമേന്മയുള്ള വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കുക, പ്രസരണ നഷ്ടം കുറയ്ക്കുക, അതുവഴി പ്രസരണ മേഖല ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ജല വൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാതല പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ അവലോകനം നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള Distribution Reforms Committee ശിപാർശ ചെയ്ത പ്രവൃത്തികളാണ് IPDS-ൽ ഉൾപ്പെടുത്തി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി, DDUGJY പ്രവൃത്തികളെക്കുറിച്ച് അവലോകനം ചെയ്യാൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ, ജില്ലയിലെ എം.പി.മാരും എം.എൽ.എ.മാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറും ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളും ശിപാർശ ചെയ്ത പ്രവൃത്തികളാണ് അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും കൂടിയാണ് ഈ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. 2015-16 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിയനുസരിച്ചുള്ള ജോലികൾ സമയ ബന്ധിതമായി തീർക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിന് 2015-16-ലേയ്ക്കുള്ള Purchase Plan അംഗീകരിച്ച്, സാധനസാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനീയർ (SCM)-നെയും മേഖല ചീഫ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുക, പ്രവൃത്തികൾ നടപ്പിലാക്കുക, പുരോഗതി നിരീക്ഷിക്കുക, അവലോകനം ചെയ്യുക എന്നീ ഉദ്ദേശ്യങ്ങൾക്കായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ CAPS (Centrally Aided Projects & Safety) എന്ന ഒരു ഓഫീസ് സജ്ജീകരിച്ചിട്ടുണ്ട്. പ്രസരണ മേഖലയിലെ കർമ്മപദ്ധതികൾക്കായി വിശദമായ സാങ്കേതിക പഠനം നടത്തി ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണ സാമഗ്രികളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം അടുത്ത അഞ്ചു വർഷത്തേയ്ക്ക് നടപ്പാക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങളും ഇരുപത് വർഷത്തേയ്ക്കുള്ള പദ്ധതികളുടെ രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി ബോർഡ് എ.ആർ. & ഇ.ആർ.സി.

23 (2224) ശ്രീ. എ. കെ.ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 2014-15 വർഷത്തെ എ.ആർ.ആർ. & ഇ.ആർ.സി. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത എ. ആർ.ആർ. & ഇ.ആർ.സി. കമ്മീഷന് മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) നിരക്ക് വർദ്ധനവിന് എന്തെങ്കിലും നിർദ്ദേശം മുന്നോട്ട വച്ചിട്ടുണ്ടോ; എത്രത്തോളം നിരക്ക് വർദ്ധനയാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2014-15 വർഷത്തെ എ.ആർ.ആർ. & ഇ.ആർ.സി. പെറ്റീഷനും 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളടങ്ങിയ താരിഫ് പെറ്റീഷനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ടി പെറ്റീഷനുകൾ പരിശോധിച്ച് റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly